ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫേസ്ബുക്കിൽ പോസ്റ്റ് ഇട്ടതിന്റെ പേരിൽ 352 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി-ഡി) ഇത് സംബന്ധിച്ച് കേസ് ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പോസ്റ്റുകൾ നിയമപരമായി കുറ്റകരമാകുമ്പോൾമാത്രമേ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുള്ളൂ. നിയമാനുസരണം കുറ്റകരമല്ലാത്ത കാര്യങ്ങളിൽ പോലീസ് നടപടിയെടുക്കാറില്ല.

മൈക്രോഫിനാൻസ് തട്ടിപ്പും അന്വേഷണവും

279 (289) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈക്രോ ഫിനാൻസ് സംബന്ധിച്ച തട്ടിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾ എന്തെല്ലാമാണ്;ലഭിച്ച പരാതികൾ എല്ലാം അന്വേഷണ ഏജൻസിയ്ക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) ആർക്കെല്ലാം എതിരായിട്ടാണ് പരാതി ലഭിച്ചിരിക്കുന്നത് ; സി ആന്റ് എ.ജി.യുടെ കണ്ടെത്തലുകൾ എന്തായിരുന്നു; അതും അന്വേഷണവിധേയമാക്കിയിട്ടുണ്ടോ ;

(സി) അന്വേഷണ സംഘം വിശ്വാസവഞ്ചനയും കൊള്ളയും നടത്തിയ ആരെയെല്ലാം അറസ്റ്റുചെയ്ത് തെളിവെടുപ്പ് നടത്തുകയുണ്ടായി ;

(ഡി) അധിക പലിശ ഈടാക്കി വഞ്ചിക്കപ്പെട്ട എത്ര പേരുടെ പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) മൈക്രോഫിനാൻസുമായി ബന്ധപ്പെട്ട് 37 പരാതികൾ ലഭിച്ചിട്ടുണ്ട്. ടി പരാതികളിൽ ഷെഡ്യൂൾഡ്/ദേശസാൽകൃത ബാങ്കുകൾ, പിന്നോക്ക വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ സ്വീകരിച്ച് കൂടിയ പലിശയ്ക്ക് അംഗങ്ങൾക്ക് വിതരണംചെയ്യ എന്നതാണ് പരാതികൾ. പ്രസ്തുത പരാതികളെല്ലാം അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(ബി) എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ വിവിധ ജില്ലകളിലെ എസ്.എൻ.ഡി.പി. ശാഖ യൂണിയൻ ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെതിരെയാണ് പ്രസ്തുത പരാതികളിൽ ആരോപണം ഉന്നയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുമായി ബന്ധപ്പെട്ട് 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

1. അടിമാലി പി.എസ്. ക്രൈം നമ്പർ 588/2011 എന്ന കേസില് കുമാരൻ 2. ജനാർദ്ദൻ എന്നിവരെ അറസ്റ്റ് ചെയ്തു.
2. മണ്ണത്തി പി.എസ്. ക്രൈം നമ്പർ 252/2015 എന്ന കേസിൽ 1. പവിത്രൻ, 2. ജയൻ @ ജയാനന്ദൻ, 3. മനീഷ, 4. ഗീതു എന്നിവരെ അറസ്റ്റ് ചെയ്തു.
3. ചന്ദേര പി.എസ്. ക്രൈം നമ്പർ 250/2015 എന്ന കേസിൽ ഉദിനൂർ സുകുമാരൻ എന്നയാളെ അറസ്റ്റ് ചെയ്തു.

(ഡി) 37 പരാതികൾ ലഭിച്ചു. 19 കേസ്സുകൾ രജിസ്റ്റർ ചെയ്തു. അട്ടൂർ പോലീസ് സ്റ്റേഷനിൽ 12 ക്രൈം കേസ്സുകളും, പത്തനംതിട്ട, അടിമാലി, കമിളി, മണ്ണത്തി, പുൽപ്പള്ളി, ചന്ദേര, ചീമേനി എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസ് വീതവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അട്ടപ്പാടിയിൽ മാവോയിസ്റ്റുകളും പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടൽ

280 (290) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ മാവോയിസ്റ്റുകളും തണ്ടർബോൾട്ടും തമ്മിൽ ഏറ്റുമുട്ടി പരസ്പരം വെടിവയ്പുണ്ടായിട്ടുണ്ടോ;

(ബി) ഏറ്റുമുട്ടലിൽ പങ്കെടുത്ത മാവോയിസ്റ്റുകളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുവാൻ പോലീസിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) ഏറ്റുമുട്ടലിന് ശേഷവും മാവോയിസ്റ്റ് സാന്നിദ്ധ്യം അറിയിക്കുന്ന എന്തെല്ലാം സംഭവങ്ങളാണ് അട്ടപ്പാടിയിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ ആരെയും പിടികൂടുവാൻ സാധിക്കാത്തത് ജനങ്ങളിൽ ഭീതി ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ തടയുവാൻ കഴിയുന്നില്ല ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly